(ഡി) പരവൂർ പട്ടണത്തിന്റെ 20 വർഷത്തെ വികസനം ലക്ഷ്യമാക്കിയാണ് വികസന രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. രൂപരേഖയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

മുനിസിപ്പാലിറ്റികളിൽ പ്രൊവിഷണൽ ആയി സെക്രട്ടറിമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം

92 [2524] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ പ്രൊവിഷണൽ ആയി സെക്രട്ടറി മാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രൊവിഷണലായി സെക്രട്ടറിമാരെ നിയമിക്കുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മുനിസിപ്പൽ സെക്രട്ടറി നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഡി) നിലവിൽ ഏതെങ്കിലും നഗരസഭകളിൽ പ്രൊവിഷണൽ സെക്രട്ടറിമാരുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; ഏതെല്ലാം നഗരസഭകളിൽ;

(ഇ) പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്ത് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തിയപ്പോൾ ഏതെങ്കിലും പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്തിട്ടുണ്ടോ;

(ജി) റിവർട്ട് ചെയ്തവരെ വീണ്ടും മുനിസിപ്പൽ സെക്രട്ടറിയായി പുനർനിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; ഏത് മുനിസിപ്പാലിറ്റിയിൽ;

(എച്ച്) പുനർ നിയമനം നൽകാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഐ) റിവർട്ട് ചെയ്തവരെ പുനർനിയമിക്കുന്നതിനായി പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിച്ചവരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് സ്ഥലംമാറ്റിയത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 5 പേരുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലുള്ള നഗരകാര്യ ഡയറക്ടറേറ്റ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെയാണ് താൽക്കാലിക സെക്രട്ടറിമാരായി നിയമിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 13 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പയ്യന്നൂർ, ഗുരുവായൂർ, ചാവക്കാട്, തളിപ്പറമ്പ്, വൈക്കം എന്നീ മുനിസിപ്പാലിറ്റികളിലായി 5 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്. ശ്രീ. കെ. വിജയകുമാരൻ, ശ്രീമതി സി. സുമംഗലാദേവി എന്നിവരെയാണ് യഥാക്രമം ഗുരുവായൂർ, വൈക്കം എന്നീ മുനിസിപ്പാലിറ്റികളിൽ താൽക്കാലിക സെക്രട്ടറിമാരായി പുനർനിയമനം നൽകിയത്.

(എച്ച്) പിന്നീടുണ്ടായ രണ്ട് ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസന്നമായ പൊതു തെരഞ്ഞെടുപ്പ് സംബന്ധിച്ച ജോലികൾ പൂർത്തിയാക്കേണ്ടതുണ്ട്. പി.എസ്.സി. യിൽ നിന്നും അഡ്വൈസ് ലഭിച്ചു വരുന്നവരെ മൂന്നുമാസത്തെ ട്രെയിനിംഗ് നൽകിയശേഷമാണ് നിയമിക്കുന്നത്. ഈ സാഹചര്യത്തിലാണ് രണ്ടുപേർക്ക് പിന്നീടുണ്ടായ രണ്ട് ഒഴിവുകളിൽ പുനർനിയമനം നൽകിയിട്ടുള്ളത്.

(ഐ) & (ജെ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസന്നമായ തെരഞ്ഞെടുപ്പു സംബന്ധിച്ച വാർഡു വിഭജനം, വോട്ടർപട്ടിക പുതുക്കൽ തുടങ്ങിയ പ്രവർത്തികൾ നടന്നുവരുന്നതിനിടയിലാണ് രണ്ടുപേരെ റിവർട്ടു ചെയ്തതും പിന്നീടുണ്ടായ ഒഴിവുകളിൽ പുനർ നിയമനം നൽകിയതും. നഗരസഭകളിൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിന് മുന്നോടിയായി സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രധാന ജോലികൾ അടിയന്തിരമായി ചെയ്തു തീർക്കുവാൻ പ്രാപ്തരായ മുൻസിപ്പൽ സെക്രട്ടറിമാരുടെ മേൽനോട്ടം ഓരോ നഗരസഭയുടെയും പ്രത്യേകത പരിഗണിച്ച് അത്യന്താപേക്ഷിതമാണെന്ന വസ്തുതകൂടി കണക്കിലെടുത്താണ് അവശ്യം വേണ്ട ചില സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

മാവൂർ ഗ്രാമപഞ്ചായത്തിനെ റൂറൽ ഏരിയയായി പ്രഖ്യാപിക്കുന്നതിന് നടപടി

93 [2525] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിനെ റൂറൽ ഏരിയയായി പ്രഖ്യാപിച്ച് ഈ ഭാഗത്തെ ടെലഫോൺ വരിക്കാരിൽനിന്നും ഈടാക്കുന്ന അധിക വാടക കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly